## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 475 — 26.04.2017 ൽ മറുപടിയ്ക്ക്

### കയർ മേഖലയിലെ പദ്ധതികൾ

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | ഉത്തരം<br>ഡോ.റ്റി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്നതിന ശേഷം കയർ മേഖലയിൽ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ? | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കയർ മേഖലയിൽ ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.<br>1. കയർ വ്യവസായ രംഗത്ത് പരിപൂർണ്ണ യന്ത്രവത്ക്കരണ പദ്ധതി ആരംഭിച്ചു. എന്നാൽ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയും, കൂലിയെയും ബാധിക്കാതിരിക്കാൻ കയർഫെഡുവഴി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവൻ വാങ്ങുന്നതിന് നടപടി സ്വീകരി ച്ചിട്ടുണ്ട്.<br>2. എൻ.സി.ഡി.സി.യിൽ നിന്നും കയർ സഹകരണ സംഘങ്ങളുടെ രണ്ടാം പുനസംഘടനയ്ക്ക് 100 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്<br>3. ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നം മുഴുവൻ കയർ കോർപ്പറേഷൻ അംഗീകൃത ക്രയവിലയ്ക്ക് സംഭരിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. ഇത് റിബേറ്റ് നൽകി വിറ്റഴിക്കുന്നതിനുള്ള വിലസ്ഥിരതാഫണ്ട് 17 കോടിയിൽ നിന്നും 77 കോടിയായി ഉയർത്തി അനുവദിച്ചിട്ടുണ്ട് 2017-18 വർഷം 2 ലക്ഷം ക്വിന്റൽ കയറും 200 കോടി രൂപയുടെ ഉൽപ്പന്നങ്ങളും സർക്കാർ സംഭരിക്കുന്നതാണ്. അതിനായി 48 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br>4. ജി.ഒ.(ആർടി) നമ്പർ 583/ഐഡി, തീയതി 31/03/2017 പ്രകാരം കയർ സഹകരണ സംഘങ്ങൾക്ക് മാനേജിരിയൽ സബ്സിഡി നൽകുന്ന പുതിയ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് |

| | |
|---|---|
| | 5. കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെ ഡീഫൈബറിംഗ് മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നെന്മാറ മണ്ഡലത്തിൽ 60000 തൊണ്ട് ചകിരിയാക്കാൻ ശേഷിയുള്ള ഡി.എഫ്. മില്ലിന്റെ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു.<br>6. MGNREGS പദ്ധതിയിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് പദ്ധതി നടപ്പി ലാക്കി യിട്ടുണ്ട്. മോഡൽ പ്രോജക്ടുകൾക്കും പ രിശീലനത്തിനുമായി 3.77 കോടി രൂപ എൻ.സി.ആർ.എം.ഐ. യ്ക്ക് നല്കിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ